## ഗ്രാമ ന്യായാലയ കോടതി, പാറശ്ശാല

### ഹാജർ: Mrs.ഷെഫ്ന. എസ്, ന്യായാധികാരി

### ഗ്രാമന്യായാലയ, പാറശ്ശാല.

തീയതി: 2026 മേയ്, 05 / 1948 വൈശാഖം 15

## കേസ് നമ്പർ. S.T. 284/2023

(പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1089/2014)

| | | |
|---|---|---|
| വാദി | : | സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പാറശ്ശാല പോലീസ് സ്റ്റേഷൻ<br>പ്രതിനിധീകരിക്കുന്നത് ശ്രീമതി. ഷൈമ ഇക്ബാൽ<br>(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ) |
| പ്രതി | : | സുരേഷ് ബാബു, വയസ്സ് 38/14, S/o.ദാമു, പാലോളി പറമ്പത്ത് വീട്, വില്യാപ്പിള്ളി വില്ലേജ്, വടകര താലൂക്ക്, കോഴിക്കോട് ജില്ല. |
| വകുപ്പുകൾ | : | ഭാരതീയ ശിക്ഷാസംഹിതയുടെ 279, 337, 338 |
| പ്രതിയുടെ വാദം | : | കുറ്റം ചെയ്തിട്ടില്ല. |
| കണ്ടെത്തൽ | : | കുറ്റം ചെയ്തിട്ടില്ല |
| ഉത്തരവ് | : | പ്രതിയെ ഭാരതീയ ശിക്ഷാ സംഹിതയുടെ 279, 337, 338 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതിയെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ 278(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. |

### പ്രതിയുടെ വിവരങ്ങൾ

| Sl. No. | പോലീസ് സ്റ്റേഷന്റെ പേരും ക്രൈം നമ്പരും | പേര് | അച്ഛന്റെ പേര് | ജോലി | താമസസ്ഥലം | വയസ്സ് |
|---|---|---|---|---|---|---|
| 1. | പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1089/2014 | സുരേഷ് ബാബു | ദാമു | - | കോഴിക്കോട് | 38/14 |

### തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | പ്രതിയെ അറസ്റ്റ് ചെയ്തത് / ഹാജരായത് | ജാമ്യത്തിൽ വിട്ടത് | വിചാരണ തുടങ്ങിയത് | എവിഡൻസ് തുടങ്ങിയത് |
|---|---|---|---|---|---|
| 21.08.2014 | 28.08.2014 | 23.09.2014 | 23.09.2014 | 05.08.2025 | 23.01.2026 |
| | | | | | |

| വിചാരണ അവസാനിച്ചത് | ഉത്തരവ് | കാലതാമസം | തടവിൽ കഴിഞ്ഞ കാലയളവ് |
|---|---|---|---|
| 30.04.2026 | 05.05.2026 | ഇല്ല | - |

ഈ വ്യവഹാരം 30.04.2026 ൽ ഇരുകക്ഷികളുടേയും അഭിഭാഷകന്റേയും സാന്നിദ്ധ്യത്തിൽ വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ ഇന്നേദിവസം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

## വിധിന്യായം

1. പാറശ്ശാല പോലീസ് ഭാരതീയ ശിക്ഷാസംഹിതയുടെ 279, 337, 338 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈം നമ്പർ 1089/2014 ആയി പതിച്ച നടപടിയിൽ നിന്ന് ഉൽഭവിച്ച വ്യവഹാരമാണിത്.

2. <u>**പ്രോസിക്യൂഷൻ കേസിന്റെ ചുരുക്കം ഇപ്രകാരമാണ്:-**</u> പ്രതി KL-15-6760 നമ്പർ KSRTC ബസിന്റെ ഡ്രൈവറായി ചുമതല വഹിച്ച് അപാകമായും ഉദാസീനമായും മനുഷ്യ ജീവന് ആപത്ത് വരത്തക്ക വിധം നെയ്യാറ്റിൻകര ഭാഗത്ത് നിന്നും പാറശ്ശാല ഭാഗത്തേയ്ക്ക് അമിതവേഗതയിൽ ഓടിച്ച് വന്ന് 21.08.2014 പകൽ 11.15 മണിയ്ക്ക് അമരവിള ബാങ്ക് ജംഗ്ഷനിൽ എത്തിയ സമയം അതേ ദിശയിൽ ഒന്നാം സാക്ഷി ഓടിച്ചുപോയ KL-19-C-6203 നമ്പർ മോട്ടോർ സൈക്കിളിന്റെ പുറകിലായി കൊണ്ടിടിച്ച് ഒന്നും രണ്ടും സാക്ഷികൾ തെറിച്ച് റോഡിൽ വീണതിൽ വച്ച് ഒന്നാം സാക്ഷിയുടെ വലറ്റ ഷോൾഡറിൽ വേദനയും വലത് കാൽമുട്ടിൽ ഉരഞ്ഞ മുറിവും രണ്ടാം സാക്ഷിയുടെ ഇടതുകന്നത്തും ഇടത് വിലാപ്പുറത്തു വേദനയും വലത് ഷോൾഡറിൽ മുറിവും ഇടത് കന്നത്തെ എല്ലിന് ഞെരിവും ഇടതുവശം വാരിയെല്ലുകൾക്ക് പൊട്ടലും ശ്വാസകോശത്തിൽ നീർവീക്കവും നട്ടെല്ലിന് ക്ഷതവും സംഭവിക്കുന്നതിനിടയാക്കി പ്രതി ഭാരതീയ ശിക്ഷാസംഹിതയുടെ 279, 337, 338 എന്നീ വകുപ്പുകൾ പ്രകാരമുള്ള

കുറ്റങ്ങൾ ചെയ്തിരിക്കുന്നു.

3. യഥാർത്ഥത്തിൽ, അന്തിമ റിപ്പോർട്ട് നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II മുമ്പാകെ സമർപ്പിച്ചു. ആയത് CC No.2457/2014 ആയി ഫയലിൽ സ്വീകരിച്ചു. അതിനു ശേഷം, ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ ജഡ്ജിയുടെ ഉത്തരവ് പ്രകാരം ഈ കേസ് ഈ കോടതിയിലേക്ക് മാറ്റുകയും നിലവിലെ കേസ് നമ്പരായി പുനർനാമകരണം ചെയ്യുകയും ചെയ്തു.

4. കുറ്റവിചാരണ നടപടി സംഹിതയുടെ 173-ആം വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനക്ക് എടുക്കാൻ തക്ക കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് ST No.284/2023 നമ്പർ പ്രകാരം ഫയലിൽ എടുക്കുകയും പ്രതി കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

5. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി. ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിട്ടു.

6. കുറ്റപത്രത്തിന്റേയും അനുബന്ധരേഖകളുടേയും പകർപ്പുകൾ പ്രതിയ്ക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണ് എന്ന് സമ്മതിച്ച് സമർപ്പിച്ചതിനാൽ കുറ്റവിചാരണ നടപടി സംഹിതയുടെ 207-ആം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി.

7. പ്രതിയെ ഭാരതീയ ശിക്ഷാസംഹിതയുടെ 279, 337, 338 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ച് കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ച് വിചാരണ വേണമെന്ന് ആവശ്യപ്പെട്ടു.

8. പ്രോസിക്യൂഷൻ ഭാഗം തെളിവിലേക്കായി PW1 മുതൽ PW3 എന്നീ സാക്ഷികളെ വിസ്തരിച്ചു. അവ തെളിവിൽ സ്വീകരിച്ചു. CW3 മരണപ്പെട്ടു. ടിയാന്റെ മരണ സർട്ടിഫിക്കറ്റ് കോടതിയിൽ ഹാജരാക്കി. CW6 മുതൽ CW16 വരെയുള്ള സാക്ഷികളെ

ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ വിസ്തരിക്കുന്നത് ഒഴിവാക്കുകയും ചെയ്തു. ഇതോടെ വിചാരണഭാഗം തെളിവ് അവസാനിച്ചു.

9. വിചാരണാഭാഗം സാക്ഷികളുടെ മൊഴിയിൽ നിന്നും പ്രതിയ്ക്കെതിരായി യാതൊരു സാഹചര്യങ്ങളും തെളിവുകളും ഉരുത്തിരിഞ്ഞ് വരാത്തതിനാൽ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ S.351 (1) (b) പ്രകാരമുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

10. പ്രതിഭാഗം തെളിവൊന്നും ഹാജരാക്കിയില്ല.

11. ഇരുഭാഗവും വാദം കേട്ടു. ഹാജരാക്കിയ തെളിവുകൾ പരിഗണിക്കുകയും ചെയ്തു.

12. താഴെ പറയുന്ന സംഗതികളാണ് ഈ കേസിൽ തീരുമാനിക്കപ്പെടേണ്ടത്.

    1. പ്രതി KL-15-6760 നമ്പർ KSRTC ബസ് അപാകമായും ഉദാസീനമായും മനുഷ്യ ജീവന് ആപത്ത് വരത്തക്ക വിധം അതിവേഗത്തിൽ 21.08.2014 പകൽ 11.15 മണിയ്ക്ക് ഓടിച്ചു വന്ന് അമരവിള ബാങ്ക് ജംഗ്ഷന് സമീപം അപകടം സംഭവിപ്പിച്ച് ഭാരതീയ ശിക്ഷാ സംഹിതയുടെ 279-ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?

    2. പ്രതി KL-15-6760 നമ്പർ KSRTC ബസ് അതിവേഗത്തിൽ 21.08.2014 പകൽ 11.15 മണിയ്ക്ക് ഓടിച്ചു വന്ന് TN-75-J-1189 നമ്പർ മോട്ടോർ സൈക്കിളിൽ കൊണ്ടിടിച്ച് PW1 നും PW2 നും പരിക്കുകൾ സംഭവിപ്പിച്ച് 337-ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?

    3. പ്രതി KL-15-6760 നമ്പർ KSRTC ബസ് അതിവേഗത്തിൽ 21.08.2014 പകൽ 11.15 മണിയ്ക്ക് ഓടിച്ചു വന്ന് TN-75-J-1189 നമ്പർ മോട്ടോർ സൈക്കിളിൽ കൊണ്ടിടിച്ച് PW2 ന്റെ ഇടത് വശം വാരിയെല്ലിന് പൊട്ടൽ സംഭവിപ്പിച്ചും ഭാരതീയ ശിക്ഷാ സംഹിതയുടെ 338-ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തതായി പ്രോസിക്യൂഷൻ

ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?

4. ഈ കേസിലെ തീരുമാനം എന്താണ്?

13. **ഒന്നു മുതൽ മൂന്നു വരെയുള്ള സംഗതികൾ:** വസ്തുതകളുടെ ആവർത്തനം ഒഴിവാക്കാനും, അവലോകന സൗകര്യത്തിനുമായി ഒന്നു മുതൽ മൂന്ന് വരെയുള്ള സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു. PW1 ആയി വിസ്തരിച്ചിരിക്കുന്നത് കേസിലെ ആവലാതിക്കാരനെയാണ്. ടിയാൻ മുഖ്യവിസ്താരത്തിൽ മൊഴി തന്നിരിക്കുന്നത് താനും ഭാര്യയും ബൈക്കിൽ പോവുകയായിരുന്നു എന്നും ബൈക്കിന്റെ ബാക്കിലാണ് ബസ് ഇടിച്ചതെന്നും തനിക്ക് KSRTC ബസ് ആണെന്നേ അറിയാവൂ എന്നും ബസിന്റെ ഡ്രൈവറിനെയോ ബസിന്റെ നമ്പരോ ഓർമ്മയില്ലായെന്നും സംഭവുമായി ബന്ധപ്പെട്ട് താൻ പോലീസിനു കൊടുത്ത മൊഴിയാണ് Ext.P1 FIS എന്നുമാണ്. PW2 കേസിലെ സംഭവത്തിൽ പരിക്ക്പറ്റിയ ആളാണ്. താൻ ബൈക്കിൽ പോയപ്പോൾ ബസ് പുറകിലിടിക്കുകയായിരുന്നു എന്നും താൻ തന്റെ ഭർത്താവിന്റെ കൂടെ ബൈക്കിലാണ് പോയതെന്നും തനിക്ക് ബസിന്റെ നമ്പരോ ഡ്രൈവറെയോ അറിയില്ലായെന്നും തന്റെ തോളിനും നട്ടെല്ലിനും പൊട്ടലുണ്ടായി എന്നുമാണ് ടിയാൾ മൊഴി തന്നിരിക്കുന്നത് കേസിലെ സംഭവം താൻ കണ്ടിട്ടില്ലായെന്നും കണ്ടതായി പോലീസിനു മൊഴി കൊടുത്തിട്ടില്ലായെന്നുമാണ് PW3 മൊഴി തന്നിരിക്കുന്നത്.

14. ഈ കേസിലെ സാക്ഷിപ്പട്ടിക പ്രകാരം ആവലാതിക്കാരനായ PW1 അപകടത്തെപ്പറ്റി പറയുന്നുണ്ടെങ്കിലും ഇടിച്ച വാഹനം ഓടിച്ചയാളെ അറിയില്ലായെന്നും ഇടിച്ച വാഹനത്തിന്റെ നമ്പർ അറിയില്ലായെന്നുമാണ് പറഞ്ഞിരിക്കുന്നത്. അപകടത്തിൽ പരിക്കേറ്റ PW2 ഉം ഇടിച്ച വാഹനം ഓടിച്ചയാളെ അറിയില്ലായെന്നും ഇടിച്ച വാഹനത്തിന്റെ നമ്പർ അറീയില്ലായെന്നും പറഞ്ഞിരിക്കുന്നു. ദൃക്സാക്ഷിയായ PW3 വാഹനപകടം കണ്ടില്ലായെന്നും കണ്ടതായി പോലീസിൽ മൊഴി

കൊടുത്തിട്ടില്ലായെന്നുമാണ് പറഞ്ഞിരിക്കുന്നത്. മേൽ വിവരിച്ച സാക്ഷിമൊഴികൾ വിശകലനം ചെയ്യുമ്പോൾ ഈ കേസിലെ പ്രതിയെ സംഭവവുമായി ബന്ധിപ്പിക്കുന്ന യാതൊരു തെളിവും പ്രോസിക്യൂഷൻ ഹാജരാക്കിയിട്ടില്ല. കൃത്യസമയം KL-15-6760 നമ്പർ KSRTC ബസിന്റെ ഡ്രൈവറായിരുന്നത് ഈ കേസിലെ കുറ്റാരോപിതനായ പ്രതിയായിരുന്നുവെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും പ്രോസിക്യൂഷൻ ഭാഗം ഹാജരാക്കിയിട്ടില്ല. കൂടാതെ മറ്റ് സാക്ഷികളെയൊന്നും വിസ്തരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ കൃത്യ സമയം KL-15-6760 നമ്പർ KSRTC ബസിന്റെ ഡ്രൈവറായി ഉണ്ടായിരുന്നത് ഈ കേസിലെ കുറ്റാരോപിതനായ പ്രതി ആയിരുന്നുവെന്നോ, പ്രതി വിചാരണാഭാഗം ആരോപിക്കും പ്രകാരമുള്ള കുറ്റകൃത്യം ചെയ്തതായോ നിസംശയം തെളിയിക്കാൻ പ്രോസിക്യൂഷൻ ഭാഗത്തിന് സാധിച്ചിട്ടില്ല എന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നിരിക്കുന്നു.

15. ആയതിനാൽ പ്രതി ഭാരതീയ ശിക്ഷാസംഹിതയുടെ 279, 337, 338 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തതായി സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷൻ ഭാഗത്തിന് സാധിച്ചിട്ടില്ല. അതിനാൽ ഒന്നു മുതൽ മൂന്നു വരെയുള്ള സംഗതികളിൽ പറഞ്ഞ സൂചനകൾ എല്ലാം തന്നെ പ്രോസിക്യൂഷൻ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

16. <u>നാലാം സംഗതി:</u> ഒന്നു മുതൽ മൂന്നു വരെയുള്ള സംഗതികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതിയെ ഭാരതീയ ശിക്ഷാ സംഹിതയുടെ 279, 337, 338 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതിയെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ 278(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യക്കൈച്ചീട്ട് റദ്ദാക്കിയിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു.

17. ഈ വിധിക്കെതിരായി ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട തിരുവനന്തപുരം സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഞാൻ പറഞ്ഞു കൊടുത്തതു പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 മേയ് മാസം 5-തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു).

Sd/-
**ന്യായാധികാരി.**

**APPENDIX**

**List of Prosecution / Defence/ Court Witnesses**

**(Rule 134 Criminal Rules of Practice, Kerala)**

1. **Prosecution Witness**

| **Rank** | **Name** | **Whether Eye witness, Police witness, Expert witness, Medical witness, Other witness** |
|---|---|---|
| PW1 | ജോസഫ് | ആവലാതിക്കാരൻ |
| PW2 | ലില്ലി | പരിക്കേറ്റയാൾ |
| PW3 | അനിത എസ്.എസ് | ദൃക്സാക്ഷി |

2. **Defence Witness : Nil**

3. **Court Witness : Nil**

**List of Prosecution / Defence/ Court Exhibits**

4. **Prosecution Exhibits:**

| **Sl.No.** | **Exhibit Number** | **Description** | **Date** |
|---|---|---|---|
| 1. | Ext.P1/PW1 | പ്രഥമ വിവര പ്രസ്താവന | 28.08.2014 |

5. **Defence Exhibits : Nil**

6. **Court Exhibits : Nil**

7. **Material Objects : Nil**

Sd/-

ന്യായാധികാരി.

//True Copy//

ന്യായാധികാരി.